# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5469** **01.07.2014** ൽ മറുപടിയ്ക്ക്

## കരിമണൽ കടത്തിനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | കരിമണൽ ഖനനത്തിനായി പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; അവ ഏതൊക്കെ; | (എ) | കേന്ദ്ര സർക്കാർ സ്ഥാപനമായ ചവറയിലെ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, കേരള സർക്കാർ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് കരിമണൽ ഖനനാനുമതി നേടി ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. സ്വകാര്യമേഖലയിൽ ഖനനാനുമതി നൽകിയിട്ടില്ല. |
| (ബി) | കരിമണൽ ഖനനവുമായി ബന്ധപ്പെട്ട ഏതൊക്കെ പ്രവർത്തനങ്ങളാണ് ഓരോ ഫാക്ടറിയിലും നടക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | കരിമണലിൽ നിന്നും പ്രധാനമായും ഇൽമനൈറ്റ്, റൂട്ടെയിൽ, സിർക്കൺ, സിലിമനൈറ്റ് ലൂക്കോസ്സിൻ എന്നീ ധാതുക്കൾ വേർതിരിച്ച് വിപണനം നടത്തുക യാണ് ഓരോ ഫാക്ടറിയും ചെയ്യുന്നത്. കൂടാതെ കെ.എം.എം.എൽ ടൈറ്റാനിയം സ്പോഞ്ച് ഇൽമനൈറ്റിൽ നിന്നും വേർതിരിച്ചെടുക്കുന്നുണ്ട്. |
| (സി) | കരിമണൽ തമിഴ് നാട്ടിലേക്ക് വ്യാപകമായി കടത്തുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് ഏതൊക്കെത്തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകളാണെന്ന് വിശദമാക്കുമോ? | (ഡി) | അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പോലീസ് റവന്യൂ അധികാരികളുടെ സഹായത്തോടെ ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണ മേഖലാ മിനറൽ സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധന ശക്തിപ്പെടുത്തുകയുണ്ടായി. ധാതുകടത്ത് തടയുന്നതിനായി പോലീസ് പിക്കറ്റ് നിലവിലുണ്ട്. കൂടാതെ പോലീസ് പെട്രോളിങ് നടത്തുന്നുണ്ട്. കരുനാഗപ്പള്ളി |

| | | | |
|---|---|---|---|
| | | | സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസ്സീൽദാർ എന്നിവരടങ്ങിയ മറ്റൊരു സ്ക്വാഡും നിലവിലുണ്ട്. ആഭ്യന്തര വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) ന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**